# ഉത്തരങ്ങൾ അറിയാമോ?

ബിജോയ് ശാമുവേൽ, അബുദാബി

(ഉത്തരങ്ങൾ അറിയില്ലെങ്കിലും ഇങ്ങനെയും ചോദ്യങ്ങളുണ്ടെന്നു മനസ്സിലാക്കാൻ കഴിഞ്ഞല്ലോ.)

**ചോദ്യം: ക്രിസ്തുവിന്റെ സഹോദരവർഗ്ഗത്തിലേക്ക് വിളിച്ചിരിക്കുന്ന നാം സഭയാകുന്ന മണവാട്ടിയുടെ അംഗവുമാണ്. എങ്ങനെ?**

**ഉത്തരം** : മനുഷ്യൻ എന്നത് ദേഹം, ദേഹി, ആത്മാവ് എന്നിവ ചേർന്നതാണ്. ദേഹം അല്ലെങ്കിൽ ശരീരം കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ മാത്രമേ തേജസക്കരിക്കപ്പെട്ട് ഉയിർക്കപ്പെടുകയുള്ളു. അതുവരെ വാങ്ങിപ്പോയവരുടെ ശരീരം കല്ലറയിൽ സൂക്ഷിക്കുന്നു. ദേഹി അല്ലെങ്കിൽ പ്രാണൻ അതാണ് യേശുക്രിസ്തുവിന്റെ മണവാട്ടിയായി രൂപാന്തരപ്പെടുന്നത്. ആത്മാവ് ആണ് കിസ്തുവിന്റെ സഹോദരവർഗ്ഗത്തിലേക്ക് വിളിച്ചിരിക്കുന്നത്. (ഈ വിഷയം കർത്താവിന്റെ രണ്ടാമത്തെ വരവ് വരെ വിശദമാക്കിയാലും പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുകയില്ല).

ചോദ്യം : കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാകുന്നു എന്നു പറയുമ്പോൾ നാം കുരിശു വരയ്ക്കുന്നത് എന്തിനാണ്?

ഉത്തരം: യഥാർത്ഥത്തിൽ നാം കുരിശു വരയ്ക്കുമ്പോൾ നാം നമ്മെ തന്നെ ശുദ്ധീകരിക്കപ്പെടുകയാണ്. നാം എല്ലാവരും ചലിക്കുന്ന ദൈവാലയമാണ്. കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഭക്ഷിക്കുന്നതു മൂലം നമ്മുടെ ഉള്ളിൽ ക്രിസ്തു എല്ലാതരത്തിലും ജീവിക്കുന്നു. എത്ര

മഹത്വത്തിൽ വസിക്കുന്നവനാണെങ്കിലും നമ്മുടെ ഉള്ളിൽ എഴുന്നുള്ളിയിരിക്കുന്ന നമ്മുടെ ശരീരത്തെ നാം തന്നെ ശുദ്ധീകരിക്കപ്പെടുന്നു.

ചോദ്യം : 'മർത്തമറിയം' എന്ന പേര് എങ്ങനെ ഉണ്ടായി?

ഉത്തരം : മോർ, മാർ എന്ന പദത്തിന്റെ സ്ത്രീലിംഗമാണ് മർത്ത അഥാവ മൊർത്ത. പരിശുദ്ധ, വിശുദ്ധ എന്ന അർത്ഥം വരുന്ന വാക്ക്. വിശുദ്ധ കന്യകമറിയാമിനെ പ്രത്യേകം ഈ വാക്ക് കൊണ്ട് സംബോധന ചെയ്യുന്നത്.

ചോദ്യം : 'വാങ്ങിപ്പ്' എന്ന പദത്തിന്റെ ആത്മീയ വ്യാഖ്യാനം എന്താണ്?

ഉത്തരം : ഓരോ മനുഷ്യനും ഈ ലോകത്തിലേക്ക് വന്നത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായിട്ടാണ്. ദൈവത്തിന്റെ ഹിതം അനുസരിച്ച് അവൻ തന്റെ വേലകൾ ചെയ്തു തീർക്കുമ്പോൾ തിരികെ വിളിക്കുമ്പോൾ പോകുന്നു. ഇതാണ് ഒരു വിശ്വാസിയുടെ യഥാർത്ഥ ജീവിതചക്രം. അടുക്കള ഭാഷയിൽ പറഞ്ഞാൽ പാചകം ചെയ്ത സാധനം വെന്തു പാകം ആകുമ്പോൾ കൃത്യസമയത്ത് അടുപ്പിൽ നിന്ന് മാററി വയ്ക്കുന്നതിന് 'വാങ്ങി വയ്ക്കുക' എന്നു പറയും. അതേപോലെ കൃത്യസമയത്ത് ദൈവവേലകൾ പൂർത്തിയാക്കി പോയവരെ'വാങ്ങിപ്പോയവർ' എന്നു വിളിക്കുന്നു. വിശുദ്ധ കന്യകമറിയാമിന്റെ 'വാങ്ങിപ്പ് പെരുന്നാൾ' അതിന് ഉത്തമ ഉദാഹരണമാണ്.

ചോദ്യം : ദൈവാലയത്തിന്റെ വാതിലുകളുടെയും ജനലുകളുടെയും മുകൾവശം അർദ്ധവൃത്താകൃതിയിൽ അവസാനിക്കുന്നു. കാരണം എന്താണ്?

ഉത്തരം : ദൈവാലയത്തിന്റെ വാതിലുകളിലും ജനലുകളിലും കാവൽ മാലാഖാമാർ ഉണ്ട്. വാതിലുകളുടെയും ജനലുകളുടെയും ഇടത്തും വലത്തും രണ്ട് മാലാഖാമാർ പരസ്പരം മുഖത്തോട് മുഖം തലകൾ വണങ്ങി നിൽക്കുമ്പോൾ, മുകൾവശം അർദ്ധവൃത്താകൃതിയിൽ ദർശിക്കാൻ കഴിയുന്നു.

ചോദ്യം : പുരോഹിതനെ 'അച്ചൻ' എന്നു വിളിക്കാൻ കാരണം എന്താണ്?

ഉത്തരം: വിശുദ്ധ ദൈവാലയത്തിലെ മാമോദീസാ തൊട്ടിയിൽ നിന്ന് നമുക്ക് വീണ്ടും ജനനത്തിന്റെ അനുഭവം തന്നെ വിശുദ്ധ സഭയിൽ ചേർക്കപ്പെടുന്നത് പുരോഹിതൻ ആയതിനാലാണ് ആത്മീയമായി 'അച്ചൻ' എന്നു വിളിക്കുന്നത്.

ചോദ്യം: 1 കൊരിന്ത്യർ 11 അനുസരിച്ച് പുരുഷനും സ്ത്രീക്കും എത്ര തലകൾ വീതം ഉണ്ട്. കുഞ്ഞുങ്ങൾക്ക് എത്ര തലകൾ ഉണ്ട്?

ഉത്തരം: 1 കൊരിന്ത്യർ 11 അനുസരിച്ച് പുരുഷന്മാർക്ക് മൂന്നു തലയും സ്ത്രീകൾക്ക് നാല് തലയും ഉണ്ട്. പുരുഷന്, അവന്റെ തല, ക്രിസ്തുവിന്റെ തല, പിതാവായ ദൈവത്തിന്റെ തല. സ്ത്രീകൾക്ക് അവരുടെ തല, പുരുഷൻ, ക്രിസ്തു, പിതാവായ ദൈവം അങ്ങനെ നാല്. കുഞ്ഞുങ്ങൾക്ക് അഞ്ചോ ആറോ അതിലധികമോ തലകൾ ഉണ്ട്. സ്വയത്തിൽ ആശ്രയിക്കാതെ എല്ലാകാര്യങ്ങളും നമ്മുടെ മുകളിലുള്ള

തലകളോട് ചോദിച്ച് അനുവാദത്തോട് ചെയ്യണം. അല്ലെങ്കിൽ ഹവ്വായ്ക്ക് സംഭവിച്ചത് ആവർത്തിക്കപ്പെടാം.

ചോദ്യം : കർത്താവിന്റെ സൃഷ്ടികളിൽ ഏററവും പ്രായം കുറവ് എന്തിനാണ്?

ഉത്തരം: കർത്താവിന്റെ സൃഷ്ടികളിൽ ഏററവും പ്രായം കുറവ് മനുഷ്യനാണ്.

ചോദ്യം : ഞായറാഴ്ചകളിൽ ദൈവാലയത്തിൽ ആരാധനയിൽ പങ്കെടുക്കുന്നത് എന്തുകൊണ്ടാണ്?

ഉത്തരം : യേശുക്രിസ്തു ഉയിർത്തെഴുന്നേററത് ഞായറാഴ്ചാ ആണ്. അതിന്റെ ഓർമ്മ പുതുക്കൽ കൂടാതെ, പ്രത്യാശയോടെ കർത്താവിന്റെ രണ്ടാമത്തെ വരവും ഞായറാഴ്ചാ തന്നെ എന്ന് വിശ്വസിച്ച് അന്നത്തെ കാലത്ത് വിശ്വാസികൾ ദൈവാലയത്തിൽ ആരാധന നടത്തിപ്പോരുന്നു. നാം എപ്പോഴും ബുദ്ധിയുള്ള കന്യകന്മാരെപ്പോലെ ഒരുങ്ങിയിരിക്കേണം. രണ്ടാമത്തെ വരവ് ഏത് സമയത്തും ആകാം. അത് പിതാവായ ദൈവത്തിന് മാത്രമേ അറിയുകയുള്ളു.

ചോദ്യം : പ്രധാന ശുശ്രൂഷക്കാരൻ ധൂപം വീശുന്നതിന് മുൻപ് ധൂപകുററിയിൽ കുന്തിരിക്കം ഇട്ട പട്ടക്കാരന്റെയോ മേൽപട്ടക്കാരന്റെയോ കൈ മുത്തുന്നത് എന്തിനുവേണ്ടിയാണ്?

ഉത്തരം : പഴയനിയമകാലത്ത്, വിശുദ്ധ കുർബ്ബാന സ്ഥാപനത്തിന് മുമ്പ് പുരോഹിതന്മാരാണ് ധൂപം വീശി പ്രാർത്ഥനകൾ നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ വിശുദ്ധ കുർബ്ബാന നടത്തുമ്പോൾ അതിന് അവർക്ക് സാഹചര്യമില്ലാത്തതിനാൽ അവരുടെ അനുവാദത്തോടും അനുഗ്രഹത്തോടും പ്രധാന ശുശ്രൂഷക്കാരൻ ധൂപം വീശുന്നതിനാണ് കൈമുത്തുന്നത്.

ഉത്തരങ്ങൾ പൂർണ്ണമായി സ്വീകരിക്കാൻ കഴിയാത്തവർ, അംഗീകരിക്കാത്തവർ സദയം ക്ഷമിക്കണം എന്ന് അപേക്ഷിക്കുന്നു. പതിനഞ്ച് ചോദ്യങ്ങളിൽ തിരഞ്ഞെടുത്തതിനാണ് ഉത്തരം നൽകിയിരിക്കുന്നത്. ആത്മീയജ്ഞാന വർദ്ധനയ്ക്കു ഉതകട്ടെയെന്നു പ്രാർത്ഥിക്കുന്നു.